<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3177</u> <u>14-02-2024 - ൽ മറുപടിയ്ക്ക്</u>

<u>പൊഴിയൂരിലെ പുനർഗേഹം പദ്ധതിയുടെ നിലവിലെ സ്ഥിതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊഴിയൂരിൽ പുനർഗേഹം പദ്ധതി പ്രകാരം 3 വർഷം മുൻപ് പ്രഖ്യാപിച്ച 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ; | (എ) | 2021 ൽ തിരുവനന്തപുരം ജില്ലയിലെ കാരോട് 128 ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി പുനരധിവസിപ്പിച്ചിട്ടുണ്ട് . പ്രസ്തുത കാരോട് ഫ്ലാറ്റ് കോമ്പൗണ്ടിനോട് ചേർന്നുള്ള 5.67 ആർ (14 സെന്റ്) സ്വകാര്യ ഭൂമി 2017 ൽ LAR പ്രകാരം സമീപത്ത് അനുവദിച്ച അതേ നിരക്കിൽ തുക സമ്മതിച്ച് ഫിഷറീസ് വകുപ്പിന് നൽകുവാൻ തയ്യാറാണെന്ന് ഭൂ ഉടമകൾ സമ്മതം അറിയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത സ്വകാര്യ ഭൂമി വകുപ്പിന് വിലയ്ക്ക് നൽകുവാൻ സന്നദ്ധത അറിയിച്ച് സമർപ്പിച്ച സമ്മതപത്രവും അനുബന്ധ രേഖകളും പരിശോധിക്കുകയും സ്ഥലം ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തി 24 ഫ്ലാറ്റുകൾ നിർമ്മിക്കുവാൻ സാധിക്കുമെന്നു തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭൂമിയുടെ ആധാരം, അടിയാധാരം, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, പ്ലാൻ, പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്,തണ്ടപ്പേര്, കരം ഒടുക്കിയ രസീത്, ബാധ്യത രഹിത സർട്ടിഫിക്കറ്റ്, അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ ലീഗൽ സ്ക്രൂട്ടിനി സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത ഭൂമി പുനർഗേഹം പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണ ആവശ്യത്തിലേക്കായി ഏറ്റെടുക്കാ വുന്നതാണെന്ന് കാണുകയും പരാമർശിത സ്വകാര്യ ഭൂമി പുനർഗേഹം പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥാവകാശത്തിൽ ജില്ലാകളക്ടർ മുഖാന്തിരം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു.<br><br>ഫ്ലാറ്റ് നിർമ്മാണത്തിനായി ഭൂമിഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ പുതിയ മാനദണ്ഡങ്ങൾ നിയമവകുപ്പ് അംഗീകരിക്കുന്ന മുറയ്ക്ക്, |

| | | | |
|---|---|---|---|
| | | | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഫ്ലാറ്റ് നിർമ്മാണത്തിന് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് അറിയിക്കുമോ; ഇതിനായുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഫ്ലാറ്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ; | (സി) | ഫ്ലാറ്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. |
| (ഡി) | പൊഴിയൂരിലെ പുനർഗേഹം പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള 185 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എത്ര സ്ഥലമാണ് ഫ്ലാറ്റ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതെന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഉച്ചക്കട പ്രദേശത്തുള്ള ടിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഭൂമി ഏറ്റെടുക്കുന്നതിനായി തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും എക്സ്റ്റൻഷൻ ഓഫീസറും പള്ളിയുടെ അധികാരികളുമായി ചർച്ച നടത്തിയിരുന്നു . രൂപതയുടെ അനുവാദം വാങ്ങിയതിനുശേഷം തീരുമാനം അറിയിക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുവരെയും വിവരങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. കൂടാതെ കാരോട് വില്ലേജിൽ ബ്ലോക്ക് 47 ൽപ്പെട്ട പവർ ലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള വസ്തു ഫ്ലാറ്റ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് വ്യവസായ വകുപ്പിന് കത്ത് നൽകി എങ്കിലും സംഘം എടുത്ത ലോണിന്റെ ഭീമമായ കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിലും സംഘം ഭൂമി വിട്ടു നൽകുന്നത് സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാകും എന്നതിനാലും വസ്തു ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം പ്രായോഗികമല്ല എന്ന വിവരം അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ